പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 369 — 11.12.2012-ൽ മറുപടിയ്ക്ക്

## സ്മാർട്ട് ഗ്രിഡ് പൈലറ്റ് പദ്ധതി

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് സ്മാർട്ട് ഗ്രിഡ് പൈലറ്റ് വൈദ്യുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(എ) ഉണ്ട്. നിലവിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന ലോ ടെൻഷൻ വ്യാവസായിക ഉപഭോക്താക്കൾക്ക് നൂതന സാങ്കേതിക വിദ്യയോടു കൂടിയ വൈദ്യുത മീറ്റർ സ്ഥാപിച്ച് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ മികച്ച സേവനങ്ങൾ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) വൈദ്യുതിയുടെ ദൗർലഭ്യം കുറയ്ക്കുക, വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ കുറയ്ക്കുക, പീക്ക് ലോഡ് സമയത്തെ ആവശ്യകത നിയന്ത്രിക്കുക, വൈദ്യുതിയുടെ ഗുണമേന്മ ഉറപ്പ് വരുത്തുക, ഉപഭോക്താവിന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക തുടങ്ങി വൈദ്യുതി മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടിട്ടുള്ളതാണ് പദ്ധതി.

ഇന്ത്യയിൽ സ്മാർട്ട് ഗ്രിഡ് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ രൂപരേഖ തയ്യാറാക്കുവാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയം പ്രധാന മന്ത്രിയുടെ മുഖ്യ സാങ്കേതിക ഉപദേഷ്ടാവായ ശ്രീ. സാം പിട്രോഡയുടെ അദ്ധ്യക്ഷതയിൽ വിവര സാങ്കേതിക മേഖലയിൽ മുന്നിട്ട് നിൽക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഇന്ത്യ സ്മാർട്ട് ഗ്രിഡ് ടാസ്ക് ഫോഴ്സ് (ISGTF) രൂപീകരിക്കുകയും പവർ ഗ്രിഡ് കോർപ്പറേഷനെ പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസി ആയി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഇന്ത്യൻ മോഡൽ സ്മാർട്ട് ഗ്രിഡ് നടപ്പിലാക്കുന്നതിനായി '8' പൈലറ്റുകൾ ഐ. എസ്. ജി. റ്റി. എഫ് തീരുമാനിക്കുകയും സംസ്ഥാന ഊർജ്ജ വിതരണ സ്ഥാപനങ്ങൾ ഇവയിൽ നിന്നും സൗകര്യപ്രദമായവ നടപ്പിലാക്കേണ്ടതും ആണ്.

| | | | |
|---|---|---|---|
| (സി) | വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | വൈദ്യുതി വിതരണ ശൃംഖലയെ നൂതന വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് നവീകരിക്കുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി മൂലം വൈദ്യുതി മോഷണം തടയുക, വൈദ്യുതി തകരാറുകൾ ഉടനടി പരിഹരിക്കുക, പീക്ക് ലോഡ് സമയത്തെ വൈദ്യുതിയുടെ ആവശ്യകത നിയന്ത്രിക്കു എന്നിവയാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പദ്ധതിച്ചെലവിന്റെ 50% കേന്ദ്ര ഗവൺമെന്റാണ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ.